# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5020

30.06.2014- ൽ മറുപടിക്ക്

### മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിൽ തുറമുഖ വകുപ്പിന്റെ അധീനതയിൽ കരിങ്കൽ ഖനനത്തിനായി ഏറ്റെടുത്ത ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിൽ തുറമുഖ വകുപ്പിന്റെ അധീനതയിൽ കരിങ്കൽ ഖനനത്തിനായി ഏറ്റെടുത്ത ഭൂമിയിൽ ഖനനം ചെയ്യാതെ ഭൂമി കിടപ്പുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിൽ മലപ്പുറം ജില്ലയിൽ പുളിക്കൽ പഞ്ചായത്തിൽ ഒരു കരിങ്കൽ ക്വാറി ഉണ്ട്. ഇപ്പോൾ ഖനനം നടക്കുന്നില്ല. |
| (ബി) എങ്കിൽ ആകെ എത്ര സ്ഥലമുണ്ടെന്നും ഇതിൽ എത്ര ഭൂമി ഖനനം ചെയ്യാതെ ബാക്കിയുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) പ്രസ്തുത ക്വാറിക്ക് 16.706 ഏക്കർ വിസ്തീർണ്ണമുണ്ട്. ഈ ക്വാറിയിൽ നിന്നും വിവിധ ഹാർബറുകളുടെ നിർമ്മാണത്തിന് കല്ല് എടുത്തിട്ടുണ്ട്. ബാക്കി വരുന്ന സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |
| (സി) ഈ ഭൂമിയിൽ നിന്നു കരിങ്കൽ ഖനനം നടത്തുന്നതിന് അനുമതി തേടി വകുപ്പിനെ ആരെങ്കിലും സമീപിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആരെല്ലാം അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഇതിൽ വകുപ്പ് എടുത്ത തീരുമാനം എന്താണ് എന്ന് വ്യക്തമാക്കുമോ; | (സി) പ്രസ്തുത ക്വാറിയിൽ നിന്നും പാറ പൊട്ടിക്കുന്നതിന് അനുമതിയ്ക്കു വേണ്ടി താഴെ പറയുന്നവരിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്.<br>1) ശ്രീ. വി.മൊയ്ദീൻ, വി.കെ.എം. ഹോളോബ്രിക്സ്.<br>2) തറമ്മൽ വീട്ടിൽ ശ്രീ. ബീരാൻ മകൻ ശ്രീ. സി.എം.അബുസുഫിയാൻ |

3) മണ്ണറോട്ടു വീട്ടിൽ ശ്രീ. കെ.പി.ബീരാൻ കുട്ടി മകൻ ശ്രീ. കെ.പി.മുജീബും അടങ്ങുപുറം വീട്ടിൽ ശ്രീ.റ്റി.എ.മുഹമ്മദ് മകൻ ശ്രീ.റ്റി.എ.റിഷാദ്.

4) കോഴിക്കോട് ജില്ലയിൽ 21/1214-ൽ (ദിൽദിൽ) യിൽ ശ്രീ. ആലിക്കോയ മകൻ ശ്രീ.മുഹമ്മദ് ഹനീഫ.

5) ശ്രീ. കെ.എം.മുഹമ്മദുണ്ണി ഹാജി.

പുതുതായി ആരംഭിച്ച വെള്ളയിൽ, താനൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ടി പാറമടയിലെ പാറ ഉപയോഗിച്ചാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ക്വാറി സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടില്ല.

(ഡി) തുറമുഖ വകുപ്പിന് സ്ഥലം ആവശ്യമില്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് പ്രസ്തുത സ്ഥലം കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള പ്രസ്തുത സ്ഥലം വകുപ്പിന് ആവശ്യമുണ്ട്.

സെക്ഷൻ ഓഫീസർ